5. നടപ്പാതയുടെ വികസനം—
14,22,209 രൂപ.

6. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെൻറർ—
44,14,000 രൂപ.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

101 [2090] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുകളുള്ള തസ്തികകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ടെന്ന് പേർ സഹിതം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേവസ്വം ബോർഡ് അറിയിച്ചതനുസരിച്ച് താഴെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്:

1.	എൽ. ഡി. ക്ലാർക്ക്	..	59
2.	എൽ. ഡി. ടൈപ്പിസ്റ്റ്	..	6
3.	കഴകം	...	32
4.	തളി	..	71
5.	വാച്ചർ	..	55
6.	സ്ട്രോംഗ് റൂം ഗാർഡ്	..	6
7.	ഡ്രൈവർ	..	6
8.	ആനക്കാരൻ	..	9

(ബി ആൻറ് സി) ഒഴിവുകൾ നോട്ടിഫൈ ചെയ്ത് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം നിയമനം നടത്തുന്നതാണെന്നുമാണ് ദേവസ്വം ബോർഡിൽനിന്നും ലഭിച്ച വിവരം.

മംഗളാദേവി ക്ഷേത്രം പുനരുദ്ധരിക്കാൻ നടപടി

102 [2091] ശ്രീ. കെ. മോഹൻകുമാർ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളാദേവി ക്ഷേത്രം കേരളത്തിലാണോ തമിഴ്നാട്ടിലാണോ സ്ഥിതിചെയ്യുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ ക്ഷേത്രം പുനരുദ്ധരിക്കുന്നതിന് സംസ്ഥാനത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) അത് പുനരുദ്ധരിക്കുന്നതിന് നിയമപരമായ തടസ്സങ്ങളൊന്നുമില്ലെങ്കിൽ അത് ദേവസ്വം ബോർഡിനെ ഏൽപ്പിച്ചോ പൗരപ്രമുഖരുടെ സമിതിയുണ്ടാക്കിയോ അതിനെ പുനരുദ്ധരിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മംഗളാദേവി ക്ഷേത്രം കേരളത്തിലാണ് സ്ഥിതിചെയ്യുന്നത്. എന്നാൽ ഇരു സംസ്ഥാനങ്ങളുടേയും അതിർത്തി പ്രദേശത്തായതിനാൽ തമിഴ്നാട് സർക്കാർ ഇതിൻമേൽ അവകാശമുന്നയിക്കുന്നുണ്ട്.

(ബി ആൻഡ് സി) തർക്കഭൂമിയായതിനാൽ ക്ഷേത്രം പുനരുദ്ധരിക്കുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്.

തിരുപ്പതിയിലെ സൗകര്യങ്ങളും ശബരിമലയിലും ഏർപ്പെടുത്താൻ നടപടി

103 [2092] ശ്രീ. കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്:
,, എം. കെ. പോക്കർ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാം അധികൃതർ തിരുമല തിരുപ്പതി വെങ്കിടാചലപതി ക്ഷേത്രം സന്ദർശിച്ച് പഠനം നടത്തി;

(ബി) പ്രസ്തുത ക്ഷേത്രത്തിലെ എല്ലാം നടപടിക്രമങ്ങളും ശബരിമല ക്ഷേത്രത്തിൽ പകർത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) പ്രസ്തുത ക്ഷേത്രത്തിൽ വരുന്ന കേന്ദ്രജനങ്ങൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സർവ്വദർശൻ ക്യാമ്പുമുതൽ ക്ഷേത്രത്തിന്റെ മുൻവശംവരെ നടത്തിയിട്ടുള്ള വ്യാപകമായ സൗകര്യംപോലെ ശബരിമലയിൽ ക്ഷേത്ര ക്യാമ്പസിനു മുൻവശംമുതൽ മരക്കൂട്ടംവരെ വേണ്ട സൗകര്യം ഉണ്ടാക്കുമോ;

(ഡി) തിരുമല തിരുപ്പതി ദേവസ്ഥാനത്ത് ക്ഷേത്ര ദർശനത്തിനു വേണ്ടി എത്തുന്നവർക്ക് ഭക്ഷണം, കാപ്പി മുതലായവ സൗജന്യമായും വിലയ്ക്കും നൽകുന്നതുപോലെയുള്ള സൗകര്യം ശബരിമലയിലും ഉണ്ടാക്കാനുദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ടും മെമ്പർമാരും തിരുപ്പതി ദേവസ്ഥാനം സന്ദർശിച്ച് പഠിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly